Draft #2 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Jul-2020 03:09 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താത്ക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിലേക്കായി ബന്ധപ്പെട്ട കോളേജ് മാനേജർ, പ്രിൻസിപ്പാൾ എന്നിവരെ അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിനായി ഹാജരാകുവാൻ തീരുമാനിച്ചുക്കൊണ്ടു ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 3251/AC A 1/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.07.2020

---

*പരാമർശം:*-1.സ്വാശ്രയ കോഴ്സുകളുടെ താത്ക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിലേക്കായി വിവിധ കോളേജ് പ്രിൻസിപ്പാളുമാർ സമർപ്പിച്ച അപേക്ഷ.

2.സർവ്വകലാശാല ഉത്തരവ് നം.679/AcA1/2020/എം.ജി.യു തീയതി 05.02.2020

3. 19.06.2020 -ന് ചേർന്ന സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ 13159/AcA1-1/2020, എം.ജി.യു. ആക്ട് 1985, അധ്യായം 3, സെക്ഷൻ 10(17) പ്രകാരമുള്ള പ്രത്യേക അധികാരമുപയോഗിച്ച് വൈസ് ചാൻസിലർ അംഗീകരിച്ചത്.

**ഉത്തരവ്**

എയ്ഡഡ് കോളേജുകളിലെ സ്വാശ്രയ കോഴ്സുകളുടെ താത്ക്കാലിക അഫിലിയേഷൻ 2020-21 അദ്ധ്യയന വർഷത്തേക്ക് നീട്ടിനൽകുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പാളുമാർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. ടി അപേക്ഷകൾ സർവ്വകലാശാല പരിഗണിക്കുകയും സൂചന (2) പ്രകാരം നിയമിതമായ പരിശോധന സമിതികൾ കോളേജുകൾ സന്ദർശിച്ച് പഠന ഭൗതിക സൗകര്യങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

പ്രസ്തുത പരിശോധന റിപ്പോർട്ടുകൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ, 2020-21 അദ്ധ്യയന വർഷത്തേയ്ക്ക് സ്വാശ്രയ കോഴ്സുകളുടെ അഫിലിയേഷൻ നീട്ടി നൽകുന്നതിലേക്കായി താഴെ കൊടുത്തിരിക്കുന്ന കോളേജുകളിലെ പ്രിൻസിപ്പാൾ, മാനേജർ എന്നിവർ അടിയന്തിരമായി അഫിലിയേഷൻ കമ്മിറ്റി മുൻപാകെ ഹിയറിംഗിനായി ഹാജരാകുവാൻ 19.06.2020 -ന് ചേർന്ന സിൻഡിക്കേറ്റ് അഫിലിയേഷൻ ഉപസമിതി യോഗം പരാമർശം (3) പ്രകാരം ശുപാർശ ചെയ്തിരുന്നു.

1. ബിഷപ്പ് കുര്യാലച്ചേരി കോളേജ് ഫോർ വുമൺ, അമലഗിരി.
2. സെന്റ് സേവിയേഴ്സ് കോളേജ് ഫോർ വുമൺ, ആലുവ.
3. ദേവമാതാ കോളേജ്, കുറവിലങ്ങാട്
4. യൂണിയൻ ക്രിസ്ത്യൻ കോളേജ്, ആലുവ

5. മോർണിംഗ് സ്റ്റാർ ഹോം സയൻസ് കോളേജ്, അങ്കമാലി
6. ശ്രീ ശങ്കര വിദ്യാപീഠം കോളേജ്, വളയൻചിറങ്ങര
7. സെന്റ് ജോർജ്സ് കോളേജ്, അരുവിത്തുറ
8. മാർത്തോമാ കോളേജ് ഫോർ വുമൺ, പെരുമ്പാവൂർ
9. സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
10. കുര്യാക്കോസ് ഏലിയാസ് കോളേജ്, മാന്നാനം
11. എം.ഇ.എസ് കോളേജ്, മാറംപ്പള്ളി
12. നിർമല കോളേജ്, മൂവാറ്റുപുഴ
13. ശ്രീ ശങ്കര കോളേജ്, കാലടി
14. ബി.എ. എം കോളേജ്, തുരുത്തിക്കാട്
15. കാത്തോലിക്കറ്റ് കോളേജ്, പത്തനംതിട്ട
16. അകിനാസ് കോളേജ്, ഇടക്കൊച്ചി

ടി ശുപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3 വകുപ്പ് 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് അംഗീകരിച്ചു കൊണ്ട് വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭാനു പ്രകാശ് ബി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
2. വി.സി /പി.വി.സി എന്നിവരുടെ പി.എസ് മാർ
3. രജിസ്ട്രാർ /ഫിനാൻസ് ഓഫീസർ/ പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ മാർ
4.ജെ ആർ /ഡി ആർ / ഏ ആർ (പരീക്ഷ വിഭാഗം /അക്കാദമിക് വിഭാഗം)
5. എസി.സി1 /എസി.സി2
6. കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
7.ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 13159/AC A1-1/2020/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 16-Jul-2020 03:09 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം